"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം -കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ പ്രതിമാസ വേതനം ഉത്തരവ് തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.24/2026/LSGD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. 30.05.2009- ലെ സ.ഉ (കൈ) നം.93/2009/തസ്വഭവ
2. 09.06.2017 ലെ സ.ഉ (കൈ) നം.110/2017/തസ്വഭവ
3. 31.10.2022- ലെ സ.ഉ (കൈ) നം.243/2022/തസ്വഭവ
4. 03.10.2024 -ൽ ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗത്തിന്റെ അജണ്ട നം.8 പ്രകാരമുള്ള തീരുമാനം.
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 30.11.2024, 17.03.2025, 30.07.2025 തീയതികളിലെ KSHO/2149/2024-M1 നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീയിലെ എല്ലാ എല്ലാ സി.ഡി.എസ്-കളിലും അക്കൗണ്ടന്റുമാരെ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന സിഡിഎസ് അക്കൗണ്ടന്റുമാർക്ക് അടിസ്ഥാന വേതനം 12,000/ രൂപയായി നിശ്ചയിച്ചും 01/01/2017-ൽ 5 വർഷം പൂർത്തീകരിച്ചവർക്ക് 13,000/ രൂപയായി 01.01.2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചും, 750/ രൂപ വാർഷികവർദ്ധനവ് അനുവദിച്ചും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. കുടുംബശ്രീയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സി.ഡി.എസ് അക്കൗണ്ടന്റുമാരുടെ സേവനം അഞ്ച് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് 13,000 രൂപയാക്കി നിശ്ചയിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

4. നിലവിലെ ജീവിത ചെലവും, യാത്രാ ചെലവും, ജോലിഭാരവും കണക്കിലെടുത്തും, കുടുംബശ്രീ സംവിധാനത്തിന്റെ പ്രാധാന്യം കണക്കിലെടുത്തും, സിഡിഎസ് അക്കൗണ്ടന്റുമാരുടെ അടിസ്ഥാന വേതനം 12,000 രൂപയിൽ നിന്നും 17,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും വാർഷിക ഇൻസന്റീവ് അനുവദിക്കുന്നതിനും സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്നതിന് കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. അതിൻപ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ ശിപാർശയിൽ സിഡിഎസ് അക്കൗണ്ടന്റുമാരുടെ അടിസ്ഥാന വേതനം 17,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും വാർഷിക ഇൻസന്റീവ് കൂടെ ചേർത്ത് അടിസ്ഥാന വേതനം നിശ്ചയിച്ച് നൽകുന്നതിനും തുടർന്നും 750/- രൂപ വാർഷിക ഇൻസന്റീവ് അനുവദിച്ച് നൽകുന്നതിനും

അഭ്യർത്ഥിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സിഡിഎസ് അക്കൗണ്ടന്റുമാർക്ക് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം അനുവദിച്ച വേതനം താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു-

(i) സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ നിലവിലുള്ള അടിസ്ഥാന വേതനം ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യത്തിൽ 17,000/- രൂപയായി വർദ്ധിപ്പിക്കുന്നു.

(ii) 2017 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള വാർഷിക ഇൻസന്റീവ് കൂടി ചേർത്ത് നിലവിലെ വേതനം നിശ്ചയിക്കുന്നതിനും, പരമാവധി പ്രതിമാസ വേതനം 22,240/- രൂപയായി നിജപ്പെടുത്തുന്നതിനും, വേതനം 22,240 രൂപ/- ആകുന്നതു വരെ 750/- രൂപ വാർഷിക ഇൻസന്റീവ് തുടർന്നും അനുവദിക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

(iii) 2017 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള വാർഷിക ഇൻസന്റീവ് കൂടി ചേർത്ത് നിലവിലെ വേതനം നിശ്ചയിക്കുന്ന സന്ദർഭത്തിലും പരമാവധി വേതനമായി നിശ്ചയിച്ചിട്ടുള്ള 22,240/- രൂപയിൽ വേതനം നിജപ്പെടുത്തേണ്ടതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
എല്ലാ കോർപറേഷൻ/മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
ധനകാര്യ (WCD) വകുപ്പ് (18.12.2025-ലെ WCD3/263/2024-Fin പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/355/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 16-01-2026 10:52:19

സെക്ഷൻ ഓഫീസർ